**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5057** **20-03-2025 - ൽ മറുപടിയ്ക്ക്**

**റീ-സർവ്വെ നടപടികൾ പൂർത്തീകരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര വില്ലേജ് ഓഫീസുകളിൽ റീ-സർവ്വെ ജോലി പൂർത്തീകരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 922 വില്ലേജുകളിൽ റീ-സർവേ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | ഇനി എത്ര വില്ലേജ് ഓഫീസുകളിൽ റീ-സർവ്വെ ജോലി പൂർത്തീകരിക്കാനുണ്ട്; | (ബി) | 744 വില്ലേജുകളിൽ റീ-സർവേ ജോലി പൂർത്തീകരിക്കാനുണ്ട്. എന്നാൽ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വെ ചെയ്ത 116 വില്ലേജുകൾ ഒഴികെ ബാക്കി വരുന്ന 1550 വില്ലേജുകളിൽ ആധുനിക സർവെ ഉപകരണങ്ങൾ ഉപയോഗിച്ച് ഡിജിറ്റൽ സർവെ നടത്തി ഭൂരേഖകൾ ഡിജിറ്റലായി തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ പുരോഗമിച്ചുവരികയാണ്. |
| (സി) | സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകളിലും റീ-സർവ്വെ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതിനകം ചെയ്തിട്ടുള്ളത്; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലും ഡിജിറ്റൽ സർവെ രേഖകൾ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ അത്യാധുനിക സർവെ ഉപകരണങ്ങളും നൂതന സാങ്കേതിക വിദ്യകളും ഉപയോഗിച്ച് ഡിജിറ്റൽ സർവെ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ സർവെയുടെ ആദ്യ ഘട്ടത്തിൽ 200 വില്ലേജുകളും, രണ്ടാം ഘട്ടത്തിലെ 239 വില്ലേജുകളിൽ 61 വില്ലേജുകളും കൂടി ആകെ 261 വില്ലേജുകളുടെ സർവെ ബൗണ്ടറീസ് ആക്ട് പ്രകാരം സെക്ഷൻ 9(2) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.<br><br>രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത ബാക്കി വില്ലേജുകളുടെ ഫീൽഡ് സർവെ ജോലികൾ പുരോഗതിയിലാണ്. കാസർകോട് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജ്, സർവെ അതിരടയാള നിയമ പ്രകാരമുള്ള സെക്ഷൻ 13 പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.<br><br>മൂന്നാംഘട്ട ഡിജിറ്റൽ സർവെക്കായി തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 31 ൽ ഫീൽഡ് |

| | | | |
|---|---|---|---|
| | | | ജോലികൾ ആരംഭിച്ചു. ശേഷിക്കുന്ന വില്ലേജുകൾ തുടർ ഘട്ടങ്ങളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ വില്ലേജുകളും ഡിജിറ്റൽ സർവെ പൂർത്തീകരിക്കുന്നതിനു കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ